**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5855** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങൾ വേണ്ടത്ര അളവിൽ സംഭരിക്കുന്നതിന് പൊതുവിതരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളാണ് നിലവിൽ റേഷൻകടകൾ വഴി വിതരണം ചെയ്തു വരുന്നത്. പ്രസ്തുത ധാന്യ വിതരണത്തിനായി, വിതരണം ചെയ്യുന്ന മാസത്തിനു മുൻപുള്ള മാസത്തിൽ വിട്ടെടുക്കുന്നതിനായി ജില്ലകൾക്കുള്ള അളവ് വീതിച്ച് നടപടിക്രമം നൽകുകയും ആയതിന്റെ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വില എഫ്.സി.ഐയിൽ മുൻകൂറായി ഒടുക്കുകയും ചെയ്തു വരുന്നു. ഇതോടൊപ്പം സപ്ലൈകോ സംസ്ഥാനത്തുള്ള കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ല് പ്രൊസസ്സ് ചെയ്ത അരി കൂടി പൊതുവിതരണത്തിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നുണ്ട്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതിപ്രകാരം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ അധിക ഗോഡൗൺ സൗകര്യങ്ങൾ കണ്ടെത്തിയാണ് സപ്ലൈകോ സംഭരിച്ചത്. |
| (ബി) | റേഷൻ കടകൾക്ക് ചുരുങ്ങിയത് രണ്ട് മാസത്തേക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങൾ സംഭരിച്ച് വയ്ക്കുന്നതിന് വേണ്ട സംഭരണ കേന്ദ്രങ്ങൾ നിർമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് ഭക്ഷ്യ ധാന്യങ്ങൾ സംഭരിക്കുന്നതിന് എൻ.എഫ്.എസ്.എ ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി 27 താലൂക്കുകളിൽ സ്ഥലം കണ്ടെത്തുകയും ആയത് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്ക്, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക്, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക് എന്നിവിടങ്ങളിൽ വകുപ്പിന് ലഭ്യമായ സ്ഥലത്ത് എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ജനങ്ങളുടെ, വിശേഷിച്ച് പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ പോഷകാഹാര നിലവാരം വർദ്ധിപ്പിക്കുന്ന തരത്തിൽ സാർവത്രിക ലഭ്യതയുള്ള ധാന്യങ്ങളോടൊപ്പം പ്രാദേശിക ലഭ്യതയുള്ള ഉല്പന്നങ്ങളും ഉൾപ്പെടുത്തി റേഷൻ വിതരണം വൈവിധ്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (സി) | ഉണ്ട്. 2022-23 വർഷം ഐക്യരാഷ്ട്ര സഭ “International Year of Millets” ആയി പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റേഷൻ ഡിപ്പോകൾ വഴി എൻ.എഫ്.എസ്.എ ഗുണഭോക്താക്കൾക്ക് റാഗി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാരംഭഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ മലയോര മേഖലയിലെ ഏകദേശം 948 കടകളിലെ കാർഡുകൾക്കും 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ഒരു എഫ്.പി.എസ് മുഖേന ശരാശരി 500 കാർഡുകൾക്കും, ഗോതമ്പ് പൊടിച്ച് ആട്ട ആക്കുന്ന അതേ രീതിയിൽ കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന റാഗി പ്രോസസ്സ് ചെയ്ത് പൊടിയാക്കി 1 കിലോഗ്രാം പാക്കറ്റ് ആക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ